**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 804** **30-06-2022 - ൽ മറുപടിയ്ക്ക്**

**വെണ്ടേക്കുംപൊയിൽ കോളനി നിവാസികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതി ദുരന്ത ഭീഷണി നേരിടുന്ന കോടഞ്ചേരി പഞ്ചായത്തിലെ വെണ്ടേക്കുംപൊയിൽ ട്രൈബൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; | (എ) | ദുരന്ത നിവാരണ വകുപ്പ്/റവന്യൂ വകുപ്പ് മുഖേന വെണ്ടേക്കുംപൊയിൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | കോളനി നിവാസികളുടെ പുനരധിവാസം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കണ്ടെത്തിയ ഭൂമിയിലേക്ക് കോളനി നിവാസികൾ മാറി താമസിക്കുവാൻ തയ്യാറാകാത്തതിനാലാണ് പുനരധിവാസം വൈകുന്നത്. |
| (സി) | പ്രസ്തുത കോളനി നിവാസികളുടെ പുനരധിവാസം വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് കോളനി നിവാസികൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോളനി നിവാസികൾ ഭൂമി കണ്ടെത്തുകയും ടി ഭൂമി വാങ്ങുന്നതിനായി ഭൂവുടമയുമായി ഭൂമിയുടെ വില നിശ്ചയിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ